ഇവ ഏകീകരിക്കുന്നതിനും പുതിയ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും ഒരു സമഗ്ര ഉൾനാടൻ മത്സ്യബന്ധന നിയമത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രവർത്തനക്ഷമതയും ലക്ഷ്യപ്രാപ്തിയും വിലയിരുത്തി ഇപ്പോഴും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് നടപടി

8 (*440) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലവിഭവ ശേഷി നഷ്ടപ്പെടാതെ നിലനിർത്തുന്നതിനായി എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ നിലവിലുണ്ട് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ജലസ്രോതസ്സുകളിലെ ജലവിഭവ ശേഷി കുറയുന്നത് കുറയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(ബി) ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സായിട്ടുള്ള നദികൾ, തോടുകൾ ഇവയിൽ തടയണകെട്ടി ജലം സംഭരിച്ച് നിറുത്തുന്നതിനുവേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിന് ഉപയോഗിക്കുന്ന 'വർഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ നിന്നും മഴവെള്ളം ശേഖരിച്ചു നിറുത്തി ഭൂമിക്കടിയിലേക്ക് താഴ്ന്നിറങ്ങുന്നതിനും കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതിലും 'മഴവെള്ളക്കൊയ്ത്ത്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, തിരുവനന്തപുരം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ കേന്ദ്രഭൂജല ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിൽ വെള്ളം ലീക്കുചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ അത് റിപ്പയർ ചെയ്ത് ലീക്ക് ഇല്ലാതാക്കുവാനും ആ പൈപ്പുകൾക്കുപകരം പുതിയവ സ്ഥാപിച്ച് ലീക്ക് ഇല്ലാതാക്കുവാനും നടപടികൾ എടുക്കുന്നുണ്ട്. ജലം ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആ വാട്ടർ കണക്ഷൻ വിച്ഛേദിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, ജലദുർവിനിയോഗം തടയുന്നതിന് ഉതകുന്ന തരത്തിൽ ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ മുഖേന സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly